Deepika 9/2/2020



★ ഗാന്ധിയൻ ദർശനത്തിന് ആനുകാലിക പ്രസക്തിയേറുന്നു: അനിൽ വള്ളത്തോൾ

# അതിജീവനത്തിന്റെ ആഘോഷപ്പകലൊരുക്കി നൈപുണ്യയിൽ സ്നേഹസംഗമം

സ്വന്തം ലേഖകൻ



കൊരട്ടി പൊങ്ങം നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയിൽ നടന്ന സ്നേഹസംഗമത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾ അവതരിപ്പിച്ച നൃത്തം.

കൊരട്ടി: മനോഹരമായ കോളജ് കാമ്പസിന്റെയും സുമനസുകളായ വിദ്യാർഥികളുടെയും സ്നേഹത്തണലിൽ ഇല്ലായ്മകളുടെ സങ്കടങ്ങൾ അവർ മറന്നു. പാട്ടും നൃത്തവും കളികളുമായി ഭിന്നശേഷിയുള്ള കൂട്ടുകാർക്ക് ആഘോഷത്തിന്റെ ഒരു പകൽ. കൊരട്ടി പൊങ്ങം നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി(എൻഐഎംഐടി)യിലെ വിദ്യാർഥികളാണു ഭിന്നശേഷിയുള്ളവർക്കൊപ്പം സ്നേഹസംഗമം ഒരുക്കിയത്.

എറണാകുളം, തൃശൂർ ജില്ലകളിലെ 25 സ്പെഷൽ സ്കൂളുകളിലെ 700 വിദ്യാർഥികളാണു സ്നേഹസംഗമത്തിനായി ഇന്നലെ കോളജിൽ ഒത്തുചേർന്നത്. വിദ്യാർഥികളുടെ സാമൂഹ്യ പ്രതിബദ്ധതയും കാരുണ്യ, പരസ്നേഹ മനോഭാവങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനു ലക്ഷ്യമിട്ടാണു പരിപാടി ഒരുക്കിയത്. നൈപുണ്യയിലെ വിവിധ ബിരുദ കോഴ്സുകളിലെ രണ്ടാംവർഷ വിദ്യാർഥികളാണു സ്നേഹസംഗമത്തിനു ചുക്കാൻ പിടിച്ചത്.

കാക്കനാട് രാജഗിരി കോളജിലെ മൂന്നാം വർഷ ബിഎ ആനിമേഷൻ വിദ്യാർഥിനി അരവിന്ദ സ്റ്റാൻലി സ്നേഹസംഗമത്തിൽ മുഖ്യാതിഥിയായെത്തി. ഭിന്നശേഷിക്കാരിയായ അരവിന്ദ സ്റ്റാൻലി സാൻഡ് ആർട്ടിൽ മികവു തെളിയിച്ചിട്ടുണ്ട്. താൻ പരിശീലിച്ച കലാരൂപം സ്നേഹസംഗമത്തിൽ അവതരിപ്പിച്ച അരവിന്ദ സ്റ്റാൻലി, പരിമിതികളെ ആത്മവിശ്വാസത്തോടെ അതിജീവിച്ചതിന്റെ അനുഭവങ്ങളും പങ്കുവച്ചു. നമുക്കു മുന്നിലെ സാധ്യതകൾ ക്രിയാത്മകമായി ഉപയോഗപ്പെടുത്തി ശുഭാപ്തിവിശ്വാസത്തോടും പ്രതീക്ഷയോടും കൂടി ജീവിതത്തെ അഭിമുഖീകരിക്കാനും വിജയങ്ങൾ സ്വന്തമാക്കാനും സാധിക്കുമെന്ന് അവർ ഓർമിപ്പിച്ചു.

ഭിന്നശേഷിക്കാർക്കായി പരിശീലന കളരികൾ, കലാപരിപാടികൾ, സ്നേഹവിരുന്ന് എന്നിവയും സ്നേഹസംഗമത്തിന്റെ ഭാഗമായി വിദ്യാർഥികൾ ഒരുക്കിയിരുന്നു.

റോജി എം. ജോൺ എംഎൽഎ, നൈപുണ്യ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പോൾ കൈത്തോട്ടുങ്ങൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. വർഗീസ് അസിൻ തൈപ്പറമ്പിൽ, കാമ്പസ് മിനിസ്ട്രി ഡയറക്ടർ റവ.ഡോ. വർഗീസ് പുളിക്കൻ, നൈപുണ്യ വെൽഫെയർ സർവീസ് ഡയറക്ടർ ഫാ. തോമസ് വാളൂക്കാരൻ എന്നിവർ പ്രസംഗിച്ചു. സ്നേഹസംഗമത്തിന്റെ ആശയം പങ്കുവച്ച മാർട്ടിൻ ജോസ് ഉള്ളാട്ടികുളത്തെ കോളജ് ഡീൻ ഡോ. ജോയ് ജോസഫ് പുതുശേരി ആദരിച്ചു.

ചാലക്കുടിയിലെ ഡി സിനിമാസിന്റെ സഹകരണത്തോടെയാണു സ്നേഹസംഗമം ഒരുക്കിയത്.

തുടർച്ചയായി 17-ാം വർഷമാണു നൈപുണ്യ കോളജിൽ ഭിന്നശേഷിയുള്ള വിദ്യാർഥികൾ സ്നേഹസംഗമത്തിനായി ഒത്തുചേരുന്നത്. എല്ലാ വർഷവും ഫെബ്രുവരിയിലെ രണ്ടാംശനിയാഴ്ചയാണു നൈപുണ്യയിൽ സ്നേഹസംഗമം നടക്കുന്നത്.

സ്നേഹസംഗമത്തിൽ അതീവ സന്തോഷത്തോടെയാണു ഭിന്നശേഷിക്കാരായ കൂട്ടുകാർ പങ്കുചേർന്നത്. തങ്ങൾക്ക് ആഹ്ലാദത്തിന്റെയും സ്നേഹാനുഭവങ്ങളുടെയും ഒരു നല്ല ദിനം സമ്മാനിച്ച നൈപുണ്യയിലെ വൈദികരോടും വിദ്യാർഥികളോടും അധ്യാപകരോടും നിറഞ്ഞ മനസോടെ നന്ദിയറിയിച്ചാണ് അവർ മടങ്ങിയത്.